LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് കൈമാറ്റം

137 (4719) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിയിലെ ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് സമുച്ചയത്തിലെ അപ്പാർട്ടുമെന്റുകൾ അവ വിലയ്ക്കു വാങ്ങിയവരുടെ പേർക്ക് കൈമാറ്റം ചെയ്തു കൊടുക്കാത്തത് എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്കു കൈമാറ്റം ചെയ്ത് കൊടുക്കുമെന്നും പ്രസ്തുത കൈമാറ്റം നിർവ്വഹിക്കുവാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിയിലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് സമുച്ചയത്തിലെ (സൈറ്റ്-എ പദ്ധതിയിൽ) ആകെ 120 ഫ്ലാറ്റുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 27-8-2014-ലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്തിമവില കണക്കുകൾ തിട്ടപ്പെടുത്തി അലോട്ടികളെ കടിശ്ലിക അടയ്ക്കാൻ അറിയിച്ചിട്ടുണ്ട്. ആകെയുള്ള 120 പേരിൽ 80 പേർ അന്തിമവില അടച്ച് കണക്കുകൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കി കടിശ്ലിക തീർക്കാൻ 40 പേർ കൂടിയുണ്ട്. ഇപ്പോൾ ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ടി പദ്ധതിയുടെ റവന്യൂ സ്കെച്ച് പുതുക്കി തയ്യാറാക്കേണ്ടതുണ്ട്. പുതുക്കി തയ്യാറാക്കുന്ന സ്കെച്ചിന്റെ പകർപ്പും അതുപ്രകാരമുള്ള സർവ്വേ നമ്പരുകളും വിലയാധാരത്തിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. കൃത്യമായിട്ടുള്ള റവന്യൂ സ്കെച്ചും സർവ്വേ നമ്പരുകളും വിലയാധാരത്തിൽ ഉൾപ്പെടുത്താതെ വന്നാൽ ഭാവിയിൽ അലോട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നതാണ്. ആയതിനാലാണ് ആർക്കും അന്തിമ വിലയാധാരം നൽകാതിരുന്നത്. കൃത്യമായുള്ള റവന്യൂ സ്കെച്ച് തയ്യാറാക്കി അതുപ്രകാരമുള്ള സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി വിലയാധാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ കൃത്യവിലോപം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭവന പദ്ധതികൾ

138 (4720) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ ഭവന പദ്ധതിക്കായി ഇക്കഴിഞ്ഞ 2 വർഷം ബജറ്റ് വിഹിതമായി അനുവദിച്ച തുക എത്രയാണ് ; ഇതുപയോഗിച്ച് എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;